**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1228** **07-02-2023 - ൽ മറുപടിയ്ക്ക്**

**ദേശീയപാതകളുടെ പുനർനാമകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ദേശീയപാതകളുടെ പുനർനാമകരണത്തിന് ശേഷമുള്ള പേരുവിവരം വിശദമാക്കാമോ; പുനർനാമകരണത്തിന് ആധാരമായി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (എ) | **സംസ്ഥാനത്തെ ദേശീയപാതകളുടെ പുനർനാമകരണത്തിന് ശേഷമുള്ള പേരുവിവരം** അനുബന്ധമായി ചേർക്കുന്നു. പുനർനാമകരണത്തിനുള്ള മാനദണ്ഡം കേന്ദ്രസർക്കാറാണ് തീരുമാനിക്കുന്നത്. |
| (ബി) | സംസ്ഥാനത്തെ ഏതെങ്കിലും സംസ്ഥാന,സംസ്ഥാനാന്തര പാതകൾ ദേശീയ പാതയായി പ്രഖ്യാപിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (ബി) | കേരളത്തിലെ റോഡുകളെ കൂടുതൽ ഫലപ്രദമായി ബന്ധിപ്പിക്കുന്നതും അതുവഴി സാമ്പത്തിക പുരോഗതി നേടുന്നതിനും കേരളത്തിലെ 12 റോഡുകൾ തത്വത്തിൽ ദേശീയപാതയായി MoRTH പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ സാദ്ധ്യതാ പഠനത്തിനുള്ള ഡി.പി.ആർ പ്രവൃത്തികൾ നടന്നുവരുന്നു. |
| (സി) | കൊല്ലം-തേനി, കൊല്ലം-ചെങ്കോട്ട ദേശീയപാതകളുടെ അലൈൻമെന്റിന് അന്തിമരൂപമായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (സി) | നിലവിലെ ദേശീയപാതയായ കൊല്ലം - തേനി (NH-183) നടപാതയോടു കൂടി 2 വരി പാതയായി വികസിപ്പിക്കുന്നതിനുള്ള ഡി.പി.ആർ പ്രവൃത്തി നടന്നു വരുന്നു. കൊല്ലം-ചെങ്കോട്ട ദേശീയപാതയുടെ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഇതിൽ ഇടുമൺ മുതൽ കടമ്പാട്ടുകോണം വരെയുള്ള സ്ട്രച്ചിൽ ടെണ്ടർ നടപടികൾ തുടങ്ങിയിട്ടുണ്ട്. പദ്ധതിക്ക് NHAI-യുടെ PATSC Committee-യുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. തുടർ അനുമതിയ്ക്കായി MoRTH-ന്റെ Standing Financial Committee -യ്ക്ക് നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ദേശീയപാതകളുടെ വികസനം സംബന്ധിച്ച പദ്ധതിരേഖയ്ക്ക് കേന്ദ്രത്തിന്റെ അന്തിമാനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | നിലവിലെ ദേശീയപാതയായ കൊല്ലം - തേനി (NH-183) നടപാതയോടു കൂടി 2 വരി പാതയായി വികസിപ്പിക്കുന്നതിനുള്ള ഡി.പി.ആർ പ്രവൃത്തി നടന്നു വരുന്നു. കൊല്ലം-ചെങ്കോട്ട ദേശീയപാതയുടെ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഇതിൽ ഇടുമൺ മുതൽ കടമ്പാട്ടുകോണം വരെയുള്ള സ്ട്രച്ചിൽ ടെണ്ടർ നടപടികൾ തുടങ്ങിയിട്ടുണ്ട്. പദ്ധതിക്ക് NHAI-യുടെ PATSC Committee-യുടെ സാങ്കേതികാനുമതി |

| | | | |
|---|---|---|---|
| | | | ലഭിച്ചിട്ടുണ്ട്. തുടർ അനുമതിയ്ക്കായി MoRTH-ന്റെ Standing Financial Committee -യ്ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# **അനുബന്ധം**

| പുതിയ നാഷണൽ ഹൈവേ | പഴയ നാഷണൽ ഹൈവേ |
|---|---|
| NH66 | NH47 &17 |
| NH544 | NH47 |
| NH744 | NH208 |
| NH85 | NH49 |
| NH966 | NH213 |
| NH766 | NH212 |
| NH966B | NH47A |
| NH183 | NH220 |
| NH183A | - |
| NH185 | - |
| NH966A | NH47C |